(31) ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികളുടെ സംവരണം.

ശ്രീ. ലൂഡി ലൂയിസ്: സർ, കേരളത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന ആംഗ്ലോ ഇന്ത്യൻ സമുദായക്കാരുടെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. മുൻകാലങ്ങളിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സംവരണം ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതു നിർത്തലാക്കിയിരിക്കുകയാണ്. എൽ.എൽ.ബി. അടക്കമുള്ള പ്രൊഫഷണൽ കോളേജുകളിൽ സംവരണം ഏർപ്പെടുത്തണമെന്ന് ഞാൻ വിനീതനായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെയ്യാവുന്ന സഹായങ്ങളൊക്കെ ഗവൺമെന്റ് ചെയ്യുന്നതാണ്.

V. പ്രത്യേക പരാമർശം

(1) ആശുപത്രികൾക്കാവശ്യമായ മരുന്നുവാങ്ങിയത് സംബന്ധിച്ച്

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ നിയമസഭയിൽ ആരോപണം എഴുതി ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി കടവൂർ ശിവദാസൻ ഇവിടെ പറഞ്ഞ മറുപടിയിൽ നിന്നും വ്യത്യസ്തമായി ഇന്നലെ ശ്രീ. പി. ശങ്കരൻ ഇവിടെ ഒരു പ്രസ്താവന നടത്തി. ഞാൻ എഴുതി തന്ന ആരോപണത്തിൽ ഉറച്ചു നിൽക്കുന്നു. സഭയ്ക്കു പുറത്തും ഞാൻ ഉന്നയിക്കുന്നു. എന്റെ പേരിൽ കേസ്സെടുക്കാനോ അല്ലെങ്കിൽ അന്വേഷണത്തിന് ഉത്തരവിടാനോ ഗവൺമെന്റ് തയ്യാറാകണം. ഞാൻ അസംബ്ളിക്കു പുറത്തും പറയുന്നു.

മി. സ്പീക്കർ: അസംബ്ളിയിൽ പറയുന്നതിനൊന്നും ആരും കേസ്സെടുക്കാറില്ല. Don't make unnecessary noise രണ്ടു പേരും പറഞ്ഞത് രേഖയിൽ കിടപ്പുണ്ട്. . . (ബഹളം). . . .എല്ലാവരും സഹകരിക്കണം.

(2) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയറിന്റെ മുന്നിൽ അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയം കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഞാൻ ഇതു ഉന്നയിക്കുന്നത്. നമ്മുടെ നിയമസഭ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള ബിൽ പാസ്സാക്കി, അത് ആക്ടായി. ഇപ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ഒരു കേസ് വരികയുണ്ടായി. നമ്മളെടുത്ത തീരുമാനങ്ങൾ നടപ്പിലാകണമെങ്കിൽ, സുപ്രീംകോടതിയിൽ ശക്തമായി ഇടപെടണം. ഇല്ലെങ്കിൽ നമുക്കു അപകടങ്ങൾ വരും. അത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഇനിയും പെടുത്തിക്കഴിഞ്ഞിട്ടില്ല. മുമ്പ് സുപ്രീംകോടതിയിൽ കേസ് വാദിച്ചതുപോലെ വാദിച്ചാൽ ഈ തീരുമാനം നടപ്പിലാകാൻ പോകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായും ഇക്കാര്യത്തിൽ ഇടപെടണം. ഇതുസംബന്ധിച്ച് എന്തുചെയ്തുവെന്ന് വിദ്യാഭ്യാസവകുപ്പുമന്ത്രി ഈ സഭയെ അറിയിക്കണം.

LIBRARY ARCHIVES Kerala Legislative Assembly